ഹരിതകേരളം മിഷൻ
കേരള സർക്കാർ

3.09.2020

# പത്രക്കുറിപ്പ്

## എല്ലാ തദ്ദേശഭരണ സ്ഥാപനപരിധിയിലും ജലഗുണനിലവാര പരിശോധനാ സംവിധാനമൊരുക്കി ഹരിതകേരളം മിഷൻ

## സംസ്ഥാനതല ഉദ്ഘാടനം തിങ്കളാഴ്ച മുഖ്യമന്ത്രി നിർവഹിക്കും.

സംസ്ഥാനത്തൊട്ടാകെ കുടിവെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം പരിശോധിക്കാൻ ഹരിതകേരളം മിഷൻ സംവിധാനമൊരുക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ രസതന്ത്രം ലാബിനോടു ചേർന്നാണ് പരിശോധനാ സൗകര്യത്തിനുള്ള ലാബുകൾ സജ്ജമാക്കുന്നത്. ഇതിനകം 59 എം.എൽ.എ മാർ 380 സ്കൂളുകളിൽ ലാബുകൾ ആരംഭിക്കാൻ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഇതുൾപ്പെടെ 480 സ്കൂളുകളിലാണ് ആദ്യ ഘട്ടം ലാബുകൾ നിലവിൽ വരുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നു നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിലെ അഞ്ചരക്കണ്ടി ഹയർസെക്കണ്ടറി സ്കൂളിൽ ഈ മാസം 7 ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 12 ന് ഓൺലൈനായി ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് അധ്യക്ഷത വഹിക്കും. ഇത് സംബന്ധിച്ചു തയ്യാറാക്കിയ കൈപുസ്തകത്തിന്റെ പ്രകാശനം ബഹു.ജല വിഭവ വകുപ്പ് മന്ത്രി ശ്രീ.കെ.കൃഷ്ണൻ കുട്ടി നിർവഹിക്കും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.വി.സുമേഷ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ജനറൽ ജീവൻ ബാബു ഐ.എ.എസ്, കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ എൻ.പ്രശാന്ത് ഐ.എ.എസ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജയപാലൻ മാസ്റ്റർ എന്നിവർ പങ്കെടുക്കും. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജലഗുണനിലവാര പരിശോധനയ്ക്ക് സംവിധാനമൊരുക്കുമെന്ന ഈ സർക്കാരിന്റെ വാഗ്ദാനമാണ് പദ്ധതിയിലൂടെ നിറവേറ്റപ്പെടുന്നത്. പൊതുജനങ്ങൾക്ക് കിണറിലെ വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധനാ ലാബുള്ള സ്കൂളുകളിൽ കൊണ്ടുവന്ന് പരിശോധിച്ച് റിപ്പോർട്ട് നേടാനുള്ള സംവിധാനമാണ് ഇപ്പോൾ ഒരുക്കിയിട്ടുള്ളത്.

ധർമ്മടം നിയോജക മണ്ഡലത്തിലെ എ.കെ.ജി സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പെരളശ്ശേരി, ഇ.കെ.നായനാർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വേങ്ങാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂൾ, മുഴപ്പിലങ്ങാട്, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പാലയാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, ചാല ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കാടാച്ചിറ, എ.കെ.ജി സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പിണറായി എന്നിവിടങ്ങളിൽ ലാബുകൾ പ്രവർത്തന സജ്ജമായി. ഒരു സ്കൂളിലെ ലാബ് സജ്ജമാക്കാൻ രണ്ട് ലക്ഷം രൂപയാണ് ചെലവ്. ധർമ്മടം മണ്ഡലത്തിലെ ലാബുകൾ സജ്ജമാക്കാൻ ഹരിതകേരളം മിഷനാണ് തുക ചെലവഴിച്ചത്. മറ്റു സ്കൂളുകളിൽ നിയമസഭാ സാമാജികരുടെ ആസ്തി വികസന നിധിയിൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തിയാണ് ലാബ് സ്ഥാപിക്കുന്നത്. ജലമലിനീകരണം തടയുന്നതിന്റെ ഭാഗമായി വ്യാപക ബോധവൽക്കരണം ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻ ജലഗുണതാ പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ ശ്രമമാരംഭിച്ചത്. ജില്ലാ കേന്ദ്രങ്ങളിൽ മാത്രം ജലഗുണതാ പരിശോധന നടത്താനുള്ള ഇന്നത്തെ സ്ഥിതിക്ക് പരിഹാരമായി പ്രാദേശിക തല ലാബുകൾ സ്ഥാപിക്കുന്നതോടെ പരിശോധന വ്യാപകമാക്കാനും ജലഗുണത ഉറപ്പ് വരുത്താനും കഴിയും. ഈ വർഷം തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപന പരിധിയിലും ലാബുകൾ സ്ഥാപിക്കാനാകുമെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in